**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4866** **13-03-2023 - ൽ മറുപടിയ്ക്ക്**

**കേരളീയ കലകളുടെ അന്താരാഷ്ട്ര പ്രചാരം ഉറപ്പാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ പി എസ് സുപാൽ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ. പി. ബാലചന്ദ്രൻ** | | **ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | യുനെസ്കോയുടെ രാജ്യാന്തര അംഗീകാരം ലഭിച്ചിട്ടുള്ള കൂടിയാട്ടം ഉൾപ്പെടെയുള്ള കലകളുടെ അന്താരാഷ്ട്ര പ്രചാരം ഉറപ്പാക്കുന്നതിനുവേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ; | (എ) | കൂടിയാട്ടം, കഥകളി എന്നിവ ഉൾപ്പെടെയുള്ള വിവിധ കേരളീയ ശാസ്ത്രീയ കലകളുടെ അവതരണവും സോദാഹരണ പ്രഭാഷണങ്ങളും കേരള കലാമണ്ഡലത്തിന്റെ ആഭിമുഖ്യത്തിൽ നേരിട്ടും പരിശീലനം ലഭിച്ചവർ മുഖേനയും വിവിധ രാജ്യങ്ങളിലെ സാംസ്കാരിക സംഘടനകളുടേയും, ഇന്ത്യൻ കൗൺസിൽ ഫോർ കൾച്ചറൽ റിലേഷന്റേയും (ICCR) നേതൃത്വത്തിൽ നടത്തി വരുന്നുണ്ട്. 'സാംസ്കാരിക വ്യാപനം' പദ്ധതിയിൽ ഉൾപ്പെടുത്തി സാംസ്കാരിക വിനിമയ പരിപാടിയുടെ ഭാഗമായി പാരമ്പര്യ കലകൾ വിവിധ സാംസ്കാരിക സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ ദേശീയ അന്തർദേശീയ തലങ്ങളിൽ സംഘടിപ്പിച്ചു വരുന്നുണ്ട്. യുനെസ്കോ കൂടിയാട്ടത്തെ അംഗീകരിച്ച ശേഷം, കേന്ദ്ര സംഗീത അക്കാദമിയുടെ ഒരു കൂടിയാട്ടം കേന്ദ്രം തിരുവനന്തപുരത്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. മാർഗി ഉൾപ്പെടെയുള്ള എട്ട് ഗുരുകുലങ്ങൾ ഈ കേന്ദ്രത്തിൽ അഫിലിയേറ്റ് ചെയ്യപ്പെട്ടിട്ടുണ്ട്. ഈ കേന്ദ്രത്തിന്റെ നിർദ്ദേശങ്ങൾ അനുസരിച്ച് ദേശീയ തലത്തിലും അന്തർദേശീയ തലത്തിലുള്ള പരിപാടികൾ നടത്തിവരുന്നുണ്ട്. ജി 20 പ്രസിഡൻസി സമ്മേളനവുമായി ബന്ധപ്പെട്ട് ഭാരത് ഭവൻ മുഖേന വിവിധ കലാ സാംസ്കാരിക പരിപാടികൾ അവതരിപ്പിച്ചിരുന്നു. |
| (ബി) | കേരളീയ കലകളുടെ മതേതര മൂല്യങ്ങളും പുരോഗമന ആശയങ്ങളും ലോക ജനതയുടെ മുന്നിലെത്തിക്കുകയെന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ വിശദീകരിക്കുമോ; | (ബി) | കേരളീയ കലകൾ എല്ലാം തന്നെ മതേതര മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്നവയാണ്. വ്യത്യസ്ത മതവിഭാഗത്തിൽ ഉൾപ്പെട്ടവരുടെ അനുഷ്ഠാന കലകൾ എല്ലാ മതത്തിൽപ്പെട്ടവരും അഭ്യസിക്കുകയും അവതരിപ്പിക്കുകയും ചെയ്തുവരുന്നു. വിദേശ രാജ്യങ്ങളുമായുള്ള സാംസ്കാരിക വിനിമയത്തിന്റെ ഭാഗമായി പല കേരളീയ കലകളും അവതരിപ്പിച്ചു |

| | | | |
|---|---|---|---|
| | | | വരുന്നുണ്ട്. പ്രബുദ്ധ കേരളത്തിന്റെ മതനിരപേക്ഷ കാഴ്ചപ്പാടുകൾ മുന്നോട്ട് വയ്ക്കുന്ന മൾട്ടിമീഡിയ തീയേറ്റർ പ്രൊഡക്ഷൻ വെർച്ചൽ റിയാലിറിറിയുടെ സാധ്യത പരീക്ഷിച്ച് കൊണ്ട് ആസൂത്രണം ചെയ്തു വരുന്നു. |
| (സി) | കലാസാംസ്കാരിക പ്രവർത്തനങ്ങളിലൂടെ ഉപജീവനം നടത്തിയിരുന്ന കലാകാരന്മാരുടെ ജീവിത സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ? | (സി) | കലാസാംസ്കാരിക പ്രവർത്തനങ്ങളിലൂടെ ഉപജീവനം നടത്തിയിരുന്ന കലാകാരൻമാർക്ക് പെൻഷൻ, ചികിത്സധനസഹായപദ്ധതികൾ, മറ്റ് സമാശ്വാസപദ്ധതികൾ എന്നിവ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട പൈതൃക കരകൗശല ഗ്രാമങ്ങളിലെ കരകൗശല കലാകാരന്മാർക്ക് ഉപജീവന സുസ്ഥിരത ഉറപ്പുവരുത്തുന്നതിന് ഗ്രാമീണ കലാകേന്ദ്രം എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ പൈതൃക കരകൗശല ഗ്രാമങ്ങളെ പദ്ധതിയിൻ കീഴിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഉത്പന്ന നിർമ്മാണ പരിശീലനം, ഉത്പന്ന പ്രദർശനം, വിപണനം എന്നീ കാര്യങ്ങളിൽ പിന്തുണ നൽകി അവർക്ക് ഇടനിലക്കാരില്ലാതെ ഈടുറ്റ വിപണി ബന്ധങ്ങൾ ഉറപ്പാക്കുകയാണ് ഈ പദ്ധതി മുഖേന ഉദ്ദേശിക്കുന്നത്. ഓരോ ഗ്രാമത്തിലും സ്വാശ്രയ സംഘങ്ങളും കോമൺ ഫെസിലിറ്റി കേന്ദ്രങ്ങളും സ്ഥാപിച്ച് പരിശീലനം സിദ്ധിച്ച കരകൗശല വിദഗ്ധർക്ക് തുടർന്നും തൊഴിൽ സാധ്യതകൾ നിലനിർത്തി-പോരുന്ന ഒരു പദ്ധതിയാണിത്. സാംസ്കാരിക വകുപ്പിന് കീഴിലുള്ള വാസ്തുവിദ്യാ ഗുരുകുലമാണ് നിലവിൽ പദ്ധതി നിർവ്വഹിച്ചു വരുന്നത്. ടി സ്ഥാപനം വഴി 14 സ്വയം സഹായ സംഘങ്ങൾക്ക് നടപ്പു സാമ്പത്തിക വർഷം ധനസഹായം അനുവദിച്ചിട്ടുണ്ട്. കോവിഡ് കാലത്ത് പ്രതിസന്ധിയിലായ കലാകാരന്മാരെ സഹായിക്കുന്നതിനായി എല്ലാകലാസംഘങ്ങൾക്കും പ്രാതിനിധ്യം നൽകി മൂവായിരത്തോളം കലാപ്രതിഭകളെ പങ്കെടുപ്പിച്ചുകൊണ്ട് ഭാരത് ഭവൻ 'മഴമിഴി' മെഗാഷോ സംഘടിപ്പിച്ചിരുന്നു. ഇതിന്റെ തുടർച്ചയായി കേരളത്തിലെ പട്ടിക വർഗ്ഗവിഭാഗത്തിലെ കലാസമൂഹത്തിന് ഉണർവ്വേകാനും ഗോത്രകലകളിലെ ആയിരംപ്രതിഭകൾക്ക് മൂവായിരം രൂപ വീതം പ്രതിഫലം നൽകാനുള്ള സാംസ്കാരിക ദൗത്യമായ തളിർമിഴി' എർത്ത് ലോർ 2023 സാംസ്കാരിക ദൗത്യം നിർവ്വഹിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ